**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5286** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ ഓരോ ജില്ലയിലും എത്ര ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിൽ തീർപ്പ് കൽപ്പിച്ചത് എത്രയെന്നും വിശദമാക്കാമോ; | (എ) | **സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് 01/04/2021 മുതൽ 09/03/2023 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം ഓരോ ജില്ലയിലും റിപ്പോർട്ട് ചെയ്ത ക്ലെയിമുകളുടെയും തീർപ്പാക്കിയവയുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രകൃതി ക്ഷോഭത്തിൽ നശിക്കുന്ന ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത ഇൻഷുറൻസ് പരിരക്ഷയുള്ളതെന്നും പ്രകൃതി ക്ഷോഭത്തിലല്ലാതെ നശിക്കുന്ന വിളകൾക്ക് പരിരക്ഷ ലഭിക്കുമോയെന്നും വിശദമാക്കാമോ; | (ബി) | തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നീ 27 വിളകൾക്കാണ് പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി മുഖേന പരിരക്ഷ നൽകുന്നത്.<br><br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കും, വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിനും, നെൽകൃഷിക്ക് സംസ്ഥാനത്തെവിടേയും കീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നുണ്ട്. |
| (സി) | പ്രസ്തുത ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഉണ്ടെന്നിരിക്കെ മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന കൃഷി വകുപ്പ മുഖേനയാണ്. കേന്ദ്ര വിള ഇൻഷുറൻസ് പദ്ധതികളായ പ്രധാന മന്ത്രി ഭസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പാക്കുന്നത് AICL എന്ന സ്വകാര്യ ഏജൻസിയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | അപേക്ഷിച്ച ക്ലെയിമുകളുടെ എണ്ണം | തീർപ്പാക്കിയ ക്ലെയിമുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1494 | 992 |
| 2 | കൊല്ലം | 1056 | 658 |
| 3 | പത്തനംതിട്ട | 1671 | 1209 |
| 4 | ആലപ്പുഴ | 2203 | 1725 |
| 5 | കോട്ടയം | 1624 | 1164 |
| 6 | ഇടുക്കി | 382 | 239 |
| 7 | എറണാകുളം | 1157 | 774 |
| 8 | തൃശ്ശൂർ | 3002 | 2578 |
| 9 | പാലക്കാട് | 1283 | 264 |
| 10 | മലപ്പുറം | 4467 | 2638 |
| 11 | കോഴിക്കോട് | 1937 | 1260 |
| 12 | വയനാട് | 1490 | 870 |
| 13 | കണ്ണൂർ | 966 | 638 |
| 14 | കാസർഗോഡ് | 111 | 94 |